**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2555** **21-01-2021 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്ക് മുഖേന കർഷകർക്ക് സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. Kadakampally Surendran<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കേരള ബാങ്കിന്റെ നിലവിലെ നിക്ഷേപം എത്ര കോടി രൂപയാണെന്നും ആസ്തി വകകൾ എത്ര കോടി രൂപ വരുമെന്നും വ്യക്തമാക്കുമോ; | (എ) | കേരള ബാങ്കിന്റെ നിക്ഷേപം 31-12-2020 ൽ 64817 കോടി രൂപയും ആസ്തി 74724 കോടി രൂപയും ആണ്. |
| (ബി) | പ്രസ്തുത ബാങ്കിന് എ.ടി.എം. ഉൾപ്പെടെയുള്ള കോർ ബാങ്കിംഗ് സമ്പ്രദായം നടപ്പിലാക്കിയോ എന്നും മറ്റ് എന്തൊക്കെ സർവ്വീസുകളാണ് ഉപഭോക്താക്കൾക്ക് നൽകി വരുന്നതെന്നും വ്യക്തമാക്കുമോ ; | (ബി) | 13 ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന സഹകരണ ബാങ്കിനേയും ലയിപ്പിച്ച് കേരള ബാങ്ക് നിലവിൽ വന്നെങ്കിലും ടി ബാങ്കുകൾ പ്രത്യേകം CBS സംവിധാനത്തിലാണ് നിലവിൽ പ്രവർത്തിച്ചു വരുന്നത്. കേരള ബാങ്കിലൊന്നാകെ ഏകീകൃത സോഫ്റ്റ് വെയർ സംവിധാനം നടപ്പിൽ വരുത്തി അത്യന്താധുനിക ഡിജിറ്റൽ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ ദ്രുത ഗതിയിൽ പുരോഗമിച്ചു വരികയാണ്. നിലവിൽ ATM/ MICRO ATM/ MOBILE BANKING, RTGS/NEFT തുടങ്ങിയ സേവനങ്ങൾ കേരള ബാങ്ക് ഇടപാടുകാർക്ക് നൽകി വരുന്നു. |
| (സി) | എന്തെല്ലാം തരത്തിലുള്ള കൂടുതൽ സഹായങ്ങളാണ് ടി ബാങ്ക് മുഖേന കർഷകർക്ക് ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ? | (സി) | 1. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളെ വിവിധോദ്ദേശ്യ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്ന നബാർഡ് സ്കീം ആരംഭിച്ചിട്ടുണ്ട്. ആയത് കൂടുതൽ ഊർജ്ജിതമാക്കി കർഷകർക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി കൂടുതൽ വായ്പകൾ അനുവദിച്ച് നൽകും. 2. PACS കളെ കൂടാതെ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾക്ക് തത്തുല്യമായ ഇതര സംഘങ്ങൾക്കും അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് സ്കീമിൽ നിന്നുള്ള 3 ശതമാനം പലിശ സബ്സിഡിയോട് കൂടി കേരള ബാങ്കിൽ നിന്നും വായ്പ നൽകുന്നതിനുള്ള നടപടി സ്വീകരിക്കും. ആയത് ഇതര സഹകരണ സംഘങ്ങൾ വഴി കാർഷിക മേഖലയെ പരിപോഷി പ്പിക്കുന്നതിനും സഹായകരമാകും. 3. സംസ്ഥാനത്തെ PACS കളുടെ സമഗ്ര വികസനം |

| | | | |
|---|---|---|---|
| | | | ലക്ഷ്യമാക്കി കേരള ബാങ്ക് KB SAMAGRA-PACS എന്ന വായ്പ സ്കീം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. 4. കേരളബാങ്കിന്റെ സോഫ്റ്റ് വെയർ ഏകീകരണം പൂർത്തിയാകുന്ന മുറയ്ക്ക് സംസ്ഥാനത്തെ PACS കളിലെ അംഗങ്ങളായ കർഷകർക്ക് കേരള ബാങ്കുമായി ലിങ്ക് ചെയ്ത് നാഷണൽ നെറ്റ് വർക്കിൽ ഉപയോഗിക്കുവാൻ കഴിയുന്ന രൂപത്തിലുള്ള RUPAY DEBIT CARD കൾ നൽകുവാൻ കഴിയുന്നതാണ്. 5. കേരള ബാങ്കിൽ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്ന Product Innovation and Development Cell വഴി PACS കളിലെ ഇടപാടുകാർക്കും കേരള ബാങ്കിന്റെ ഇടപാടുകാർക്കും വിവധ സേവനങ്ങൾ നൽകുന്നതിന് കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ